നമ്പർ: ഇ.എം.(1)32237/2007. സഹകരണസംഘം രജിസ്ട്രാർ ഓഫീസ്, തിരുവനന്തപുരം, തീയതി: 30-06-2008.

# സർക്കുലർ നമ്പർ : 44/2008

വിഷയം:- സഹകരണം - കേരള സംസ്ഥാന സഹകരണ ബാങ്കിലെയും, ജില്ലാ സഹകരണ ബാങ്കുകളിലെയും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ റിട്ടയർമെന്റ് - ഭേദഗതി - നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:-

1. സഹകരണ സംഘം രജിസ്ട്രാറുടെ 10-11-05 ലെ 47/05-ാം നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 14-11-05 ലെ 48/05-ാം നമ്പർ സർക്കുലർ.
3. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 29-05-07 ലെ ജില്ലാ സഹകരണ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ പ്രതിനിധികളുടെ യോഗതീരുമാനം.
4. സർക്കാരിന്റെ 06-03-08 ലെ ജി.ഒ.(എം.എസ്.) നമ്പർ 69/2008/സഹ നമ്പർ ഉത്തരവ്.

സൂചന ഒന്നിലെ സർക്കുലർ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെയും സൂചന രണ്ടിലെ സർക്കുലർ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലറുകളുടെ 6-ാം ഖണ്ഡികയിൽ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത പാർട്ട-ടൈം കണ്ടിജന്റ് ജീവനക്കാർ 58 വയസ്സ് പൂർത്തിയാകുമ്പോൾ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത പി.റ്റി കണ്ടിജന്റ് ജീവനക്കാർക്ക് 65 വയസ്സുവരെ സർവ്വീസിൽ തുടരാവുന്നതാണെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ സൂചന യോഗത്തിൽ തീരുമാനിച്ചിരുന്നു. സർക്കാരിന്റെ സൂചന (4) ലെ ഉത്തരവ് പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ സർവ്വീസ് റഗുലേഷനിലെ നിബന്ധന 12-ൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. അപ്രകാരം ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത പി.റ്റി.സി. ജീവനക്കാർ 65 വയസ്സ്

പൂർത്തിയാക്കുമ്പോൾ റിട്ടയർ ചെയ്യേണ്ടതും ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യാത്തവർ 70 വയസ്സ് പൂർത്തിയാക്കുമ്പോൾ റിട്ടയർ ചെയ്യേണ്ടതുമാണ്. മേൽ ഉത്തരവിന്റെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ സൂചന ഒന്നിലെയും രണ്ടിലെയും സർക്കുലറുകളിലെ 6-ാമത്തെ ഖണ്ഡികയിലെ നിർദ്ദേശം ഭാഗികമായി ഭേദഗതി വരുത്തി ചുവടെ ചേർക്കുന്ന പ്രകാരം നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കേരള സംസ്ഥാന സഹകരണ ബാങ്കിലെയും, ജില്ലാ സഹകരണ ബാങ്കുകളിലെയും ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത എല്ലാ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരും 65 വയസ്സ് പൂർത്തിയാകുമ്പോൾ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യേണ്ടതാണ്. സൂചന സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങളിൽ മാറ്റം ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ മാർക്കും.

പകർപ്പ്:-
1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
2. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകളിലെ ജോയിന്റ് രജിസ്ട്രാർ/സമകാലീന ആഡിറ്റർമാർക്കും.
3. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ.
4. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ തലവൻമാർക്കും.
5. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.